**കേരള സർക്കാർ**

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ് – കളമശ്ശേരി നഗരസഭ – കണയന്നൂർ താലൂക്കിൽ തൃക്കാക്കര വില്ലേജിലെ ബ്ലോക്ക് നമ്പർ 5–ൽ വിവിധ സർവ്വേ നമ്പരുകളിൽപ്പെട്ട 21.5685 സെന്റ് (8.73 ആർ) സ്ഥലം ഓപ്പൺ ടെണ്ടർ മുഖേന വില നിശ്ചയിച്ച് കൈമാറ്റം ചെയ്യുന്നതിന് കളമശ്ശേരി നഗരസഭയെ അധികാരപ്പെടുത്തി ഉത്തരവാകുന്നു.

---

## തദ്ദേശ സ്വയംഭരണ (ആർ.സി) വകുപ്പ്

**സ.ഉ (എം.എസ്) 254/2008/ത.സ്വ.ഭ.വ  തീയതി, തിരുവനന്തപുരം, സെപ്തംബർ, 09,2008**

---

പരാമർശം :

1. കളമശ്ശേരി നഗരസഭാ കൗൺസിലിന്റെ 01–10–2007– ലെ തീരുമാനം
2. കളമശ്ശേരി നഗരസഭാ സെക്രട്ടറിയുടെ 29–11–2007 ലെ PW 2-1613/06 –ാം നമ്പർ കത്ത്.
3. എറണാകുളം ജില്ലാ കളക്ടറുടെ 07–03–2008 ലെ L.7-10540/08 നമ്പർ കത്ത്.

## <u>ഉത്തരവ്</u>

എറണാകുളം ജില്ലയിലെ കളമശ്ശേരി നഗരസഭയിൽ ലുലു ഇന്റർനാഷണൽ ഷോപ്പിംഗ് മാൾ സ്ഥാപിക്കാനുദ്ദേശിക്കുന്ന സ്ഥലത്തിന് നടുവിലുള്ളതും പ്രസ്തുത സ്ഥലത്തിനുള്ളിൽ അവസാനിക്കുന്ന വഴിയായി ഉപയോഗിക്കുന്നതും കണയന്നൂർ താലൂക്കിൽ തൃക്കാക്കര വില്ലേജിൽ ബ്ലോക്ക് നമ്പർ 5–ൽ സർവ്വേ നമ്പർ 144/5, 143/4, 138/8, 144/8 എന്നിവയിൽപ്പെട്ടതുമായ 21.5685 സെന്റ് (8.73 ആർ) കളമശ്ശേരി നഗരസഭാ വക സ്ഥലം വിലയ്ക്കു നൽകണമെന്ന് M/s ലുലു ഇന്റർനാഷണൽ ഷോപ്പിംഗ് മാൾ നഗരസഭയോട് ആവശ്യപ്പെട്ടതനുസരിച്ച്, പ്രസ്തുത സ്ഥലം ലുലു ഇന്റർനാഷണലിന്റെ കൈവശമുള്ള മൊത്തം സ്ഥലത്തിനകത്ത് ഉൾപ്പെട്ടുകിടക്കുകയാണെന്നും ടി സ്ഥലം നിലനിർത്തുന്നതുകൊണ്ട് നഗരസഭയ്ക്കോ പൊതുജനങ്ങൾക്കോ പ്രത്യേക നേട്ടമൊന്നും ഇല്ലായെന്നും ടി സ്ഥലത്ത് ഷോപ്പിംഗ് മാൾ വന്നാൽ ധാരാളം പേർക്ക് തൊഴിലും വിവിധ നികുതിയിനത്തിൽ വലിയൊരു തുക നഗരസഭയ്ക്ക് വരുമാനം ലഭിയ്ക്കുമെന്നും ആയതിനാൽ പ്രസ്തുത സ്ഥലം മേൽ സ്ഥാപനത്തിന് വിൽക്കുന്നതിന് കളമശ്ശേരി നഗരസഭ പരാമർശം (1) പ്രകാരം തീരുമാനിയ്ക്കുകയും ആയതിലേയ്ക്ക് അനുമതിയ്ക്കായി പരാമർശം (2) പ്രകാരം സർക്കാരിൽ അപേക്ഷിക്കുകയും ചെയ്തു. നിർദ്ദിഷ്ട സ്ഥലം ലാന്റ് റിലിങ്കിഷ്മെന്റ് പ്രകാരം 27–10–2005–ൽ നഗരസഭയ്ക്ക് സ്വകാര്യ വ്യക്തി വിട്ടുകൊടുത്തിട്ടുള്ളതാണെന്നും റവന്യൂ രേഖകളിൽ മാറ്റം വരുത്തി കളമശ്ശേരി മുനിസിപ്പാലിറ്റിയുടെ പേരിൽ ചേർത്ത് നൽകിയിട്ടുള്ളതാണെന്നും മേൽ സ്ഥലം പൊതു ആവശ്യങ്ങൾക്ക് ഉപയോഗിക്കാൻ സാധിയ്ക്കാത്തതിനാലും ധാരാളം പേർക്ക് തൊഴിൽ ലഭിയ്ക്കാനിടയുള്ള സംരംഭമായതിനാലും വില ഈടാക്കി സ്ഥലം കൈമാറുന്നതാണ് അഭികാമ്യമെന്നും എറണാകുളം ജില്ലാ കളക്ടർ പരാമർശം (3) പ്രകാരം അഭിപ്രായപ്പെട്ടിട്ടുണ്ട്.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ കണയന്നൂർ താലൂക്കിൽ തൃക്കാക്കര വില്ലേജിൽ ബ്ലോക്ക് നമ്പർ 5-ൽ 144/5, 143/4, 138/8, 144/8 എന്നീ സർവ്വേ നമ്പരുകളിൽപ്പെട്ട 21.5685 സെന്റ് (8.73 ആർ) സ്ഥലം 2000 - ലെ കേരള മുനിസിപ്പാലിറ്റീസ് (വസ്തു ആർജ്ജിക്കലും കയ്യൊഴിക്കലും) ചട്ടങ്ങളിലെ റൂൾ 11 അനുസരിച്ച് ഓപ്പൺ ടെണ്ടർ മുഖേന വില നിശ്ചയിച്ച് കൈമാറ്റം ചെയ്യുവാൻ കളമശ്ശേരി നഗരസഭയെ അധികാരപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

**എസ്.എം. വിജയാനന്ദ്**
**പ്രിൻസിപ്പൽ സെക്രട്ടറി.**

To

സെക്രട്ടറി, കളമശ്ശേരി നഗരസഭ, കളമശ്ശേരി , എറണാകുളം
ജില്ലാ കളക്ടർ, എറണാകുളം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
റവന്യൂ (എ) വകുപ്പ് ( 5030/എ3/08/ ആർ.ഡി.ഫയൽ സഹിതം)
പൊതുഭരണ ( എസ്.സി) വകുപ്പ്
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (വെബ് സൈറ്റിലും മറ്റും പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ /ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ